# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 01 January 2025 Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY



Pope Francis opened the Holy Door of St. Peter's Basilica before Mass on Christmas Eve, officially launching the Jubilee Year 2025





Bishop Bosco Puthur welcomes

**Cardinal George Jacob Koovakkad**

to the Major Archbishop's House

on 28th December 2024

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 1 January 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. ലോക സമാധാനദിനം

15. കച്ചേരിക്കാര്യം
   - NOTICE
   - ജൂബിലി മംഗളങ്ങൾ

18. വാർത്തകളും വിശേഷങ്ങളും

19. നിര്യാതരായി

20. വിശ്വാസപരിശീലന കേന്ദ്രം

23. AICO

24. ഫാമിലി അപ്പോസ്റ്റലേറ്റ്

25. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

30. നൈപുണ്യ ഇന്റർനാഷണൽ

32. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Mankuzhikary Mathew, Kokkamangalam | 1909 | 1934 | 2-1-2003 |
| Fr. Parakkal Scaria, Kanjoor | 1881 | 1901 | 4-1-1965 |
| Fr. Thayamkery Joseph, Edappally | 1905 | 1933 | 4-1-1986 |
| Fr. Kottackal George, Angamaly | 1930 | 1955 | 5-1-2006 |
| Fr. Pallippadan Joseph, Thirumudikunnu | 1939 | 1967 | 5-1-2020 |
| Fr. Mundadan Jose, Josepuram | 1960 | 1984 | 6-1-2020 |
| Fr. Vattoly Leon TOCD, Kadukutty | 1856 | 1883 | 7-1-1911 |
| Fr. Chakiath Scaria, Thycattussery | 1876 | 1895 | 7-1-1955 |
| Fr. Vattamkandathil George, Vadayar | 1891 | 1924 | 7-1-1967 |
| Fr. Painumkal Mathew, Kandanad | 1942 | 1967 | 8-1-2021 |
| Mar Augustine Kandathil, Chempu | 1874 | 1901 | 10-1-1956 |
| Fr. Thekkinen Joseph, Manjapra | 1928 | 1956 | 11-1-1991 |
| Fr. Narayamparambil John, Thuravoor S. | 1924 | 1950 | 11-1-1997 |
| Fr. Panikkassery John, Panavally | 1888 | 1913 | 13-1-1953 |
| Fr. Mundadan Thariaku, Angamaly | 1868 | 1894 | 16-1-1950 |
| Fr. Chirackal Isaac, Muttom | 1895 | 1922 | 17-1-1962 |
| Fr. Painadeth Kochouseph, Karukutty | 1881 | 1910 | 19-1-1947 |
| Fr. Sankoorikal Elias TOCD, Narakkal | 1851 | 1876 | 21-1-1900 |
| Fr. Thayamkery Jacob, Kumbalam | 1878 | 1913 | 21-1-1944 |
| Fr. Puthenveliyil Jacob, Pallippuram | 1914 | 1948 | 23-1-2012 |
| Fr. Panjikaren Kuriakose, Muttom | 1864 | 1895 | 24-1-1940 |
| Msgr. Chiramel Kuriakose, Kadukutty | 1906 | 1936 | 24-1-1986 |
| Fr. Vadassery Paul, Palluruthy | 1900 | 1929 | 25-1-1978 |
| Fr. Edathichira Thomas, Chalil | 1922 | 1949 | 25-1-2000 |
| Fr. Edathichira Joseph, Chalil | 1937 | 1962 | 28-1-2015 |
| Fr. Antony (Joy) Elamkuttichira | 1936 | 1966 | 29-1-2019 |
| Fr. Chiramel Varkey, Koratty (Meloor) | | | 30-1-1901 |
| Msgr. Naduvathussery Jacob, Aluva | 1883 | 1909 | 30-1-1967 |
| Fr. Kattuparambil Varghese, Kadavanthra | 1953 | 1978 | 30-1-2015 |
| Msgr. Menachery George , Puthenpally | 1894 | 1924 | 31-1-1969 |
| Fr. Menachery Thomas, Karumaloor | 1945 | 1971 | 31-1-2000 |

No. 4068/K-5/KCBC/OL/DS 20 December 2024

# 58-ാമത് ലോകസമാധാനദിനം

## ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം
## (ജനുവരി 1, 2025)

### "ഞങ്ങളുടെ തെറ്റുകൾ ക്ഷമിക്കണമേ; നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമേ."

### I. അപകടസ്ഥിതിയിൽ ആയിരിക്കുന്ന മനുഷ്യരാശിയുടെ രോദനം ശ്രവിക്കുന്നത്

ജൂബിലിയുടേതായ പ്രത്യാശയുടെ ചൈതന്യത്തിൽ സ്വർഗീയ പിതാവ് നമുക്ക് നൽകിയിരിക്കുന്ന ഈ പുതിയ വർഷത്തിന്റെ പിറവിയിൽ ഞാൻ ഓരോ സ്ത്രീക്കും പുരുഷനും എന്റെ ഹൃദയം നിറഞ്ഞ സമാധാനത്തിന്റെ ആശംസകൾ നേരുന്നു. മർദ്ദിതർ എന്നു സ്വയം തോന്നുന്നവരെയും പഴയ പാപങ്ങളാൽ ഭാരപ്പെടുന്നവരെയും മറ്റുള്ളവരുടെ വിധിയാൽ പീഡിപ്പിക്കപ്പെടുന്നവരുടെയും അങ്ങനെ തങ്ങളുടെ ജീവിതങ്ങളിൽ പ്രത്യാശയുടെ ഒരംശംപോലും കാണാൻ കഴിയാത്തവരെയും ഞാൻ ഓർക്കുന്നു. എല്ലാവരുടെയുംമേൽ ഞാൻ പ്രത്യാശയും സമാധാനവും വിളിച്ചപേക്ഷിക്കുന്നു; എന്തെന്നാൽ, ഇത് രക്ഷകന്റെ ഹൃദയത്തിൽനിന്നു വരുന്ന കൃപയുടെ വർഷമാണ്.

2. ഈ വർഷം മുഴുവൻ കത്തോലിക്കാസഭ ജൂബിലി ആഘോഷിക്കുകയാണ് - എല്ലാവരുടെയും ഹൃദയങ്ങൾ പ്രത്യാശയാൽ നിറയുന്ന സംരംഭം. "ജൂബിലി"എന്നത് ഒരു പുരാതന യഹൂദ ആചാരം അനുസ്മരിപ്പിക്കുന്നു. മുട്ടനാടിന്റെ കൊമ്പ് (ram's horn = ഹീബ്രുവിൽ, "യോവേൽ") ഊതിക്കൊണ്ട് 49-ാം വർഷത്തിനു ശേഷമുള്ള ഒരു വർഷം ജനത്തിനു മുഴുവൻ മാപ്പിന്റെയും സ്വാതന്ത്ര്യത്തിന്റെയും വർഷമായി പ്രഖ്യാപിക്കുകയായിരുന്നു പതിവ് (ലേവ്യ 25:10 കാണുക). ഈ മഹത്തായ പ്രഖ്യാപനം ദേശം മുഴുവൻ മുഴങ്ങികേൾക്കേണ്ടതായിരുന്നു (ലേവ്യ 25:9 കാണുക); അതുവഴിയായി ദൈവത്തിന്റെ നീതി ജീവിതത്തിന്റെ എല്ലാ തുറകളിലും പുനഃപ്രതിഷ്ഠിക്കേണ്ടിയിരുന്നു: ഭൂമിയുടെ ഉപയോഗത്തിൽ, വസ്തുവകകൾ സ്വന്തമായിരിക്കുന്നതിന്റെ കാര്യ

ത്തിൽ, മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ, ഏറെപ്രത്യേകിച്ച് ദരിദ്രരും അവകാശങ്ങൾ നഷ്ടപ്പെട്ടവരുമായുള്ള ബന്ധങ്ങളിൽ. മുട്ടനാടിന്റെ കൊമ്പ് ഊതിയത് ധനികരും ദരിദ്രരും ഉൾപ്പെടെയുള്ള മുഴുവൻ ജനത്തെയും മറ്റൊരു കാര്യംകൂടി ഓർമിപ്പിച്ചു. അതായത്, ഒരാൾപോലും ഈ ലോകത്തിലേക്ക് അടിച്ചമർത്തപ്പെടാനായി വരുന്നില്ല എന്നത്: നാമെല്ലാവരും സഹോദരീസഹോദരന്മാരാണ്, ഏക പിതാവിന്റെ പുത്രീപുത്രന്മാർ; കർത്താവിന്റെ ഹിതമനുസരിച്ച് സ്വാതന്ത്ര്യത്തിൽ ജീവിക്കാനാണ് നാം ജനിച്ചിരിക്കുന്നത് (ലേവ്യ 25:17, 25, 43, 46, 55 കാണുക).

3. നമ്മുടെ ഈ നാളുകളിലും നമ്മുടെ ഈ ലോകത്ത് ദൈവത്തിന്റെ വിമോചനാത്മക നീതി സ്ഥാപിക്കാനുള്ള പ്രചോദനമായി ജൂബിലി നിലകൊള്ളുന്നു. മുട്ടനാടിന്റെ കുഴൽ ഊതുന്നതിന് പകരം ഈ കൃപാവർഷത്തിന്റെ ആരംഭത്തിൽ "സഹായത്തിനായുള്ള നിരാശ നിറഞ്ഞ മുറവിളിയാണ്"(1) നാം കേൾക്കാൻ ശ്രമിക്കുന്നത്. ആബേലിന്റെ രക്തത്തിൽനിന്നെന്നപോലെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഉയരുന്ന ഈ രോദനം ദൈവം ഒരിക്കലും കേൾക്കാതിരിക്കുന്നില്ല (ഉത്പ 4:10 കാണുക). നമ്മുടെ ഭാഗത്തുനിന്ന് ഭൂമിയെ ചൂഷണം ചെയ്യുകയും നമ്മുടെ അയൽക്കാരെ അടിച്ചമർത്തുകയും ചെയ്യുന്ന അനവധിയായ സാഹചര്യങ്ങൾക്കെതിരായി സ്വരമുയർത്തുകയും അവയെ അപലപിക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ് (2). ഈ അനീതികൾ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ പറഞ്ഞതുപോലെ "പാപത്തിന്റെ സംവിധാനങ്ങളുടെ" (structures of sin) രൂപത്തിൽ ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടാവുന്നതാണ് (3). അവ കുറച്ചുപേരുടെ ഭാഗത്തുനിന്നു വരുന്ന അനീതിക്കൊണ്ടു മാത്രമാകണമെന്നില്ല; സംഘാതാത്മകമായ കുറ്റത്തിന്റെ ശൃംഖലവഴി അവ ശക്തമായി യോജിപ്പിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നതാവാം.

4. നമ്മുടെ പൊതു ഭവനമായ ഭൂമി നശിപ്പിക്കപ്പെടുന്നതിൽ നമ്മൾ ഓരോരുത്തരും ഒരുവിധത്തിൽ ഉത്തരവാദികൾ ആണെന്നുള്ള ബോധ്യം നമുക്ക് ഉണ്ടാകണം. ഭൂമി അപ്രകാരം നാശത്തിനു വിധേയമാക്കപ്പെടുന്നത് നാം ചെയ്യുന്ന ചില പ്രവൃത്തികളിൽ ആരംഭിക്കുന്നു; നേരിട്ടല്ലെങ്കിലും ഇന്നത്തെ നമ്മുടെ മാനവകുടുംബത്തെ ബാധിച്ചിരിക്കുന്ന പല സംഘർഷങ്ങൾക്കും ആക്കംകൂട്ടാൻ ആ പ്രവൃത്തികൾ

സഹായകമായിട്ടുണ്ട്. സംഘാതാത്മകമായ വെല്ലുവിളികൾ, അവ്യക്തങ്ങളെങ്കിലും പരസ്പരം ബന്ധിതമായിരിക്കുന്ന അവ, സൃഷ്ടിക്കപ്പെടുകയും ഒരുമിച്ചുചേർക്കപ്പെട്ട് നമ്മുടെ ലോകത്ത് വളരെ വലിയ ദുരന്തത്തിനു കാരണമാവുകയും ചെയ്യുന്നു (4). പ്രത്യേകമായി, ഞാൻ ഇവിടെ ഓർക്കുന്നത് എല്ലാത്തരത്തിലുമുള്ള അസമത്വങ്ങളാണ്: അഭയാർത്ഥികളോടു കാണിക്കുന്ന മനുഷ്യത്വമില്ലാത്ത പെരുമാറ്റം, പരിസ്ഥിതിയുടെ ജീർണിക്കൽ, ബോധപൂർവം തെറ്റായി നൽകുന്ന വിവരങ്ങൾവഴി ഉണ്ടാക്കുന്ന സംഭ്രമം, ഒരുവിധത്തിലും സംവാദത്തിനു തയ്യാറാകാത്ത സമീപനരീതി, യുദ്ധമെന്ന വ്യവസായത്തിനുവേണ്ടി ചെലവഴിക്കുന്ന കണക്കില്ലാത്ത വിഭവശേഷി തുടങ്ങിയവ. ഇവയെല്ലാം ഒരുമിച്ചുചേർത്താൽ, മനുഷ്യരാശിയുടെ അസ്തിത്വത്തിനുതന്നെ അവ വലിയൊരു ഭീഷണിയായി നിലകൊള്ളുന്നു. അതിനാൽ, ഈ വർഷം ആരംഭിക്കുമ്പോൾത്തന്നെ, വേദനിക്കുന്ന മനുഷ്യ സമൂഹത്തിന്റെ നിലവിളി കേൾക്കാൻ നാം ആഗ്രഹിക്കുന്നു. അത് വ്യക്തികൾ എന്ന നിലയിലും സമൂഹമെന്ന നിലയിലും അനീതിയുടെ നുകം തച്ചുടയ്ക്കുന്നതിനും ദൈവത്തിന്റെ നീതി പ്രഖ്യാപിക്കുന്നതിനുംവേണ്ടിയുള്ള നമ്മുടെ വിളി ശ്രവിക്കുന്നതിനാണ്. ഇതിന് ഏതെങ്കിലും ചില സമയങ്ങളിൽ പെട്ടെന്നു നടത്തുന്ന മനുഷ്യസ്നേഹപരമായ പ്രവൃത്തികൾ മാത്രം പോരാ. നിലനിൽക്കുന്ന പരിവർത്തനം ഉണ്ടാകണമെങ്കിൽ അതിനു സാംസ്കാരികവും ഘടനാപരവുമായ വ്യത്യാസങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ് (5).

## II. ഒരു സാംസ്കാരിക പരിവർത്തനം: നമ്മളെല്ലാവരും കടക്കാരാണ്

5. ജൂബിലി ആഘോഷം നമ്മളിൽ ഏതാനും വ്യത്യാസങ്ങൾ ഉണ്ടാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഇന്നത്തെ അനീതിയും അസമത്വവും നിറഞ്ഞ സാഹചര്യത്തെ അഭിമുഖീകരിക്കാൻ ഭൂമിയുടെ നന്മകളെല്ലാം ഭാഗ്യവാന്മാരായ കുറച്ചുപേർക്ക് മാത്രമല്ല, എല്ലാവർക്കുംവേണ്ടി ഉള്ളതാണ് എന്ന് ഓർമ്മ പ്പെടുത്തുന്നതാണ് അത് (6). ഇവിടെ കേസറിയായിലെ വിശുദ്ധ ബാസിലിന്റെ വചനങ്ങൾ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും: "നിനക്ക് സ്വന്തമായിട്ടുള്ളത് ഏവ എന്നു നീ പറയുക. അവ നിന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ നീ എവിടെയാണ് അവ കണ്ടെത്തിയത്? ...നിന്റെ അമ്മയുടെ ഉദരത്തിൽനിന്നു നീ നഗ്നനായല്ലേ പുറത്തുവന്നത്? നീ നഗ്നനായല്ലേ ഭൂമിയിലേക്ക് തിരികെ

പോകുന്നത്? നിന്റെ വസ്തുവകകൾ എവിടെനിന്നു നിനക്കു കിട്ടി? ഭാഗ്യം കൊണ്ടാണ് അവ നിനക്കു ലഭിച്ചത് എന്ന് നീ പറഞ്ഞാൽ നീ ദൈവത്തെ നിരാകരിക്കുകയായിരിക്കും; അങ്ങനെ നിന്നെ സൃഷ്ടിച്ചത് നീ അംഗീകരിക്കാതിരിക്കുകയും നിനക്കു നന്മകൾ നൽകുന്നവനോടു കൃതജ്ഞത പ്രകാശിപ്പിക്കാതിരിക്കുകയും ചെയ്യും" (7). കൃതജ്ഞതാ പ്രകാശനമില്ലാതെ നമുക്ക് ദൈവത്തിന്റെ ദാനങ്ങൾ തിരിച്ചറിയാനാവില്ല. എന്നാലും കർത്താവ് തന്റെ അനന്തകാരുണ്യത്തിൽ പാപപങ്കിലമായ മനുഷ്യരാശിയെ ഉപേക്ഷിക്കുന്നില്ല; അതിനുപകരം അവിടന്ന് തന്റെ ജീവന്റെ ദാനം അവർക്കു നൽകുന്നു; യേശുക്രിസ്തുവഴി എല്ലാവർക്കും ലഭ്യമാക്കുന്ന രക്ഷാകരമായ പാപപ്പൊറുതിവഴിയാണ് അത് സാധ്യമാകുന്നത്. അതിനാലാണ്, "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർഥനയിൽ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടു ക്ഷമിക്കണമേ എന്നു പ്രാർഥിക്കാൻ യേശു നമ്മെ പഠിപ്പിച്ചത്.

6. പിതാവുമായുള്ള നമ്മുടെ ബന്ധം നഷ്ടപ്പെട്ടുകഴിഞ്ഞാൽ പിന്നീട് അന്യരുമായുള്ള നമ്മുടെ ബന്ധം ചൂഷണത്തിന്റെയും അടിച്ചമർത്തലിന്റെയും തലത്തിലേക്ക് പ്രവേശിക്കുന്ന മിഥ്യാധാരണയാൽ നിയന്ത്രിക്കപ്പെടും; അവിടെ ശക്തി ആയിരിക്കും ശരിയായിട്ടുള്ളത് (8). ദരിദ്രരുടെ സഹനത്തിൽനിന്നു ലാഭംകൊയ്തിരുന്ന യേശുവിന്റെ കാലത്തെ വരേണ്യവർഗത്തെപ്പോലെ ഇന്ന് പരസ്പരം ബന്ധിതമായിരിക്കുന്ന നമ്മുടെ ആഗോളഗ്രാമത്തിൽ (9), അന്താരാഷ്ട്ര വ്യവസ്ഥിതി, അത് ഐകമത്യത്തിന്റെയും പരസ്പര ആശ്രയത്വത്തിന്റെയും ചൈതന്യത്താൽ നയിക്കപ്പെടാതെവന്നാൽ, അഴിമതിയാൽ കലുഷിതമാക്കപ്പെടുന്ന അനീതിക്ക് ജന്മം നൽകുകയും ദരിദ്രരാഷ്ട്രങ്ങൾ ആ കെണിയിൽ അകപ്പെടുകയും ചെയ്യും. കടക്കാരായിരിക്കുന്നവരെ ചൂഷണം ചെയ്യുന്ന മനഃസ്ഥിതി ഇന്നത്തെ "കടബാധ്യത പ്രതിസന്ധി" (debt crisis) എന്ന ചുരുക്കെഴുത്തുവഴി വിവരിക്കാവുന്നതാണ്; അത് ഇന്ന് കുറെയധികം രാഷ്ട്രങ്ങളുടെമേൽ, പ്രത്യേകിച്ച് "ആഗോള ദക്ഷിണ രാജ്യങ്ങളുടെമേൽ" (global South), വലിയ ഭാരമായി നിൽക്കുന്നു.

7. വിദേശകടം ആധിപത്യം പുലർത്താനുള്ള ഒരു മാർഗമായി മാറിയിരിക്കുന്നു എന്നു ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. കാരണം, ചില ഭരണകൂടങ്ങളും സമ്പന്നരാഷ്ട്രങ്ങളിലെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും തങ്ങളുടെ കമ്പോളങ്ങളുടെ ആവശ്യങ്ങൾ നിലനിർ

ത്താനായി അനൈതികമായും തരാതരംനോക്കാതെയും ദരിദ്രരാഷ്ട്ര ങ്ങളുടെ മാനുഷിക വിഭവങ്ങളും പ്രകൃതി വിഭവങ്ങളും ചൂഷണം ചെയ്യുന്നു (10). ഇപ്പോൾത്തന്നെ അന്താരാഷ്ട്ര കടത്താൽ വലയുന്ന പല ജനതകളും വികസിത രാജ്യങ്ങൾ വരുത്തിവച്ച "പാരിസ്ഥിതിക കട ത്തിന്റെ" (ecological debt) ഭാരംകൂടി ചുമക്കേണ്ടതായി വരുന്നു (11). വിദേശ കടവും പാരിസ്ഥിതിക കടവും ഒരേ നാണയത്തിന്റെ ഇരുവശ ങ്ങളാണ്; അതായത്, ചൂഷണത്തിന്റെ മനഃസ്ഥിതി കടത്തിന്റെ പ്രതിസന്ധിയിൽ കലാശിച്ചത് (12). ആകയാൽ, ഈ ജൂബിലി വർഷ ത്തിന്റെ ചൈതന്യത്തിൽ ഞാൻ അന്താരാഷ്ട്രസമൂഹത്തോട് അഭ്യർ ഥിക്കുന്നു: ഈ ലോകത്തിന്റെ ഉത്തരവും ദക്ഷിണവും (the North and the South) തമ്മിൽ നിലനിൽക്കുന്ന പാരിസ്ഥിതിക കടം അംഗീകരിച്ചു കൊണ്ട് വിദേശ കടം എഴുതിത്തള്ളാനുള്ള മാർഗങ്ങൾ ആരായണമെന്ന്. ഇത് ഐകമത്യത്തിനുള്ള ഒരു ആഹ്വാനമാണ്, അതിലുപരി നീതിക്കായുള്ള ആഹ്വാനമാണ് (13).

8. ഈ പ്രതിസന്ധി മറികടക്കാനുള്ള സാംസ്കാരികവും ഘടനാപരവു മായ പരിവർത്തനം സാധ്യമാകുന്നത് നാമെല്ലാവരും ഏക പിതാവിന്റെ പുത്രീപുത്രന്മാരാണെന്ന് ആത്യന്തികമായി നാം അംഗീകരിക്കു മ്പോഴാണ്; അതായത്, നാമെല്ലാവരും അവിടത്തോട് കടപ്പെട്ടിരിക്കുന്നു എന്നും പങ്കുവയ്ക്കലിന്റെയും വ്യത്യസ്തങ്ങളായ ഉത്തരവാദിത്വ ത്തിന്റെയും ചൈതന്യത്തിൽ നമുക്ക് എല്ലാവർക്കും പരസ്പരം ആവശ്യമുണ്ട് എന്നും അംഗീകരിക്കുമ്പോൾ. അപ്പോൾ നമുക്ക് "പരസ്പരം ആവശ്യമുണ്ടെന്ന് എന്നേക്കുമായി തിരിച്ചറിയാനും" നാം പരസ്പരം കടപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കാൻ സാധിക്കും (14).

## III. ഒരു പ്രത്യാശയുടെ സഞ്ചാരം: മൂന്നു നിർദേശങ്ങൾ

9. അനിവാര്യമായ ഈ പരിവർത്തനങ്ങൾ നാം ഹൃദയത്തിൽ സ്വാംശീകരിച്ചാൽ അവ കൃപയുടെ ഈ ജൂബിലി വർഷം നമുക്ക് ഓരോ രുത്തർക്കും ദൈവത്തിന്റെ അതിരുകളില്ലാത്ത കരുണയുടെ അനുഭവ ത്താൽ നവമായ പ്രത്യാശയുടെ തീർത്ഥാടനം നടത്താൻ സഹായ കമാകും.

ദൈവം ആർക്കും ഒന്നും കടപ്പെട്ടിട്ടില്ല; എന്നാലും ദൈവം തന്റെ കൃപയും കരുണയും എല്ലാവരുടെയുംമേൽ ചൊരിയുന്നു. ഏഴാം

നൂറ്റാണ്ടുകാരനായ പൗരസ്ത്യ സഭാപിതാവായ നിനിവേയിലെ ഇസഹാക്ക് തന്റെ ഒരു പ്രാർഥനയിൽ ഇപ്രകാരം എഴുതി: "നിന്റെ സ്നേഹം, നാഥാ, എന്റെ തെറ്റുകളേക്കാൾ വലുതാണ്. എന്റെ പാപക്കൂമ്പാരവുമായി തട്ടിച്ചുനോക്കുമ്പോൾ കടലിലെ തിരമാലകൾപോലും ഒന്നുമല്ല; എന്നാൽ, എന്റെ കുറ്റങ്ങൾ നിന്റെ സ്നേഹത്തോടുചേർത്ത് അളന്നു നോക്കിയാൽ അവ പൂഴിയിലെ ഒരു തരിപോലെ അപ്രത്യക്ഷമാകും" (16). നമ്മൾ ചെയ്യുന്ന തിന്മകൾ ദൈവം അളന്നു നോക്കുന്നില്ല; കാരണം, അവിടന്ന് അത്യധികമായി "കരുണയിൽ സമ്പന്നനാണ്, എന്തെന്നാൽ, വലിയ സ്നേഹത്തോടെ അവിടന്ന് നമ്മെ സ്നേഹിച്ചു" (എഫേ 2:4). അതേസമയം, അവിടന്ന് ദരിദ്രരുടെ രോദനവും ഭൂമിയുടെ നിലവിളിയും കേൾക്കുന്നു. ഈ വർഷം ആരംഭിക്കുമ്പോൾ ഒരു നിമിഷം മാറിനിന്ന് അവിടത്തെ കരുണയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും; എന്തെന്നാൽ, അവിടന്ന് നിരന്തരം നമ്മുടെ പാപങ്ങൾ പൊറുക്കുകയും ഓരോ കടവും ഇളച്ചുതരികയും, അങ്ങനെ നമ്മുടെ ഹൃദയങ്ങൾ പ്രത്യാശയും സമാധാനവുംകൊണ്ട് നിറഞ്ഞുകവിയുകയും ചെയ്യും.

10. "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർഥന പഠിപ്പിച്ച യേശു നമ്മുടെ തെറ്റുകൾ ക്ഷമിക്കണമേ എന്നു പിതാവിനോട് അഭ്യർഥിച്ചുകൊണ്ട് ആരംഭിക്കുന്നു; എന്നാൽ ഉടൻതന്നെ അതിനോടൊപ്പം നമ്മെ വെല്ലുവിളിക്കുന്ന വാക്കുകളും ചേർക്കുന്നു: "അന്യരുടെ തെറ്റുകൾ ഞങ്ങൾ ക്ഷമിക്കുന്നതുപോലെ" (മത്താ 6:12 കാണുക). അന്യരുടെ തെറ്റുകൾ ക്ഷമിക്കുന്നതിനും അങ്ങനെ അവർക്കു പ്രത്യാശ പകരുന്നതിനും നമ്മുടെ ജീവിതങ്ങൾതന്നെ അതേ പ്രത്യാശയാൽ നിറയപ്പെടണം; അത് നാം ദൈവത്തിന്റെ കരുണ അനുഭവിച്ചതിന്റെ ഫലമായിരിക്കും. പ്രത്യാശ ഉദാരമനസ്കതയിലൂടെ കവിഞ്ഞൊഴുകുന്നു; അത് കണക്കുകൂട്ടലുകളിൽ നിന്നും സ്വതന്ത്രമാണ്; അത് നിഗൂഢമായ അവകാശങ്ങൾ ഒന്നുമുയർത്തുന്നില്ല; അത് ലാഭത്തെക്കുറിച്ചു ചിന്തിക്കുന്നില്ല. അത് ഒരു കാര്യംമാത്രം ലക്ഷ്യംവയ്ക്കുന്നു: വീണുപോയവരെ ഉയർത്തിയെടുക്കാൻ, തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്താൻ, നമ്മെ എല്ലാ ബന്ധനങ്ങളിൽനിന്നും മോചിതരാക്കാൻ.

11. ആകയാൽ, ഈ കൃപാവർഷത്തിന്റെ ആരംഭത്തിൽ ഞാൻ മൂന്നു നിർദേശങ്ങൾ നൽകാൻ ആഗ്രഹിക്കുന്നു; എല്ലാ ജനതകളുടെയും

ജീവിതത്തിന്റെ മാഹാത്മ്യം പുനഃസ്ഥാപിക്കാനും അവരെ നവമായ ഒരു പ്രത്യാശയുടെ തീർത്ഥാടനം നടത്താൻ പ്രാപ്തരാക്കാനുമാണത്. ഈ രീതിയിൽ കടത്തിന്റെ പ്രതിസന്ധി മറികടക്കാനും അങ്ങനെ നാമെല്ലാവരും കടത്തിന് ഇളവ് ലഭിച്ച കടക്കാരാണെന്നുള്ള ബോധ്യം ഒരിക്കൽകൂടി നമ്മിൽ ഉണർത്താനും സാധിക്കും.

**ഒന്നാമതായി,** 2000-മാണ്ടിലെ മഹാജൂബിലി അവസരത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ നൽകിയ ആഹ്വാനം ഞാൻ ആവർത്തിക്കുന്നു: "പല രാഷ്ട്രങ്ങളുടെയും ഭാവിയെ ഗൗരവതരമായി ബാധിക്കുന്ന അന്താരാഷ്ട്രകടം ഒന്നുകിൽ നിർണായകമായി കുറയ്ക്കുക അല്ലെങ്കിൽ പൂർണമായും എഴുതിത്തള്ളുക എന്ന കാര്യം പരിഗണിക്കുക" (17). വളരെയധികം പുരോഗമിച്ചിട്ടുള്ള രാജ്യങ്ങൾ തങ്ങൾ വരുത്തിവെച്ച പാരിസ്ഥിതിക കടം കണക്കിലെടുത്തു കൊണ്ട് തങ്ങൾക്കു കടം വീട്ടാനുള്ള രാഷ്ട്രങ്ങൾക്ക് ഇപ്പോൾ അത് ചെയ്യാനുള്ള പ്രാപ്തി ഒട്ടും ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കടങ്ങൾ എഴുതിത്തള്ളാനായി താത്പര്യം കാണിക്കുക. അതേസമയം, അക്കാര്യം ധനപരമായ സഹായം നൽകുന്നതിനും അങ്ങനെ കടപ്പെട്ടിരിക്കുന്നതിന്റെ ഘടനയെ കേവലം ഒറ്റപ്പെട്ട ഉപവി പ്രവൃത്തിയിലൂടെ ഇല്ലാതാക്കുന്നതിനും തുല്യമാക്കാതെ ഒരു പുതിയ സാമ്പത്തികക്രമംതന്നെ രൂപപ്പെടുത്തുന്നതിന്റെ ഭാഗമാക്കേണ്ടതുണ്ട്; അത് ജനതകൾ തമ്മിലുള്ള ഐകമത്യത്തിന്റെയും മൈത്രിയുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ട ഒരു ആഗോള ധനതത്ത്വ പ്രമാണത്തിലേക്ക് (global financial Charter) നയിക്കുന്നതാവണം.

മനുഷ്യജീവന്റെ മഹാത്മ്യം ഉദ്ഭവം മുതൽ സാധാരണ മരണംവരെ ആദരിക്കാനുള്ള ശക്തമായ പ്രതിജ്ഞാബദ്ധത ഉണ്ടാക്കാനും ഞാൻ അഭ്യർഥിക്കുന്നു. അതുവഴിയായി ഓരോ വ്യക്തിക്കും അവന്റെയും അവളുടെയും ജീവൻ വിലമതിക്കാനും, എല്ലാവർക്കും, തങ്ങൾക്കും തങ്ങളുടെ മക്കൾക്കും, ശോഭനമായ ഒരു ഭാവിയും സന്തോഷവും പ്രത്യാശിക്കാനും ഇടവരും. ഭാവിയെക്കുറിച്ചുള്ള പ്രത്യാശയില്ലാതെ ഈ ലോകത്തേക്ക് പുതിയ ജീവിതങ്ങളെ കൊണ്ടുവരുന്നത് യുവജനങ്ങൾക്ക് ബുദ്ധിമുട്ടായി ഭവിക്കും. ഇവിടെ ജീവന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന മൂർത്തമായ ഒരു അടയാളാത്മക പ്രവൃത്തി ഞാൻ നിർദേശിക്കട്ടെ, അതായത്, എല്ലാ രാഷ്ട്രങ്ങളും

വധശിക്ഷ ഒഴിവാക്കുക. ഈ ശിക്ഷ ജീവന്റെ അലംഘനീയതയെ സംബന്ധിച്ച് വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുക മാത്രമല്ല, പൊറുതിക്കും പുനരുധിവാസത്തിനും ഉള്ള മാനുഷിക പ്രത്യാശ ഇല്ലാതാക്കുകയും ചെയ്യുന്നു (18).

മാത്രമല്ല, വിശുദ്ധ പോൾ ആറാമൻ പാപ്പായുടെയും ബെനഡിക്ട് പതിനാറാമൻ പാപ്പായുടെയും (19) കാലടികൾ പിന്തുടർന്നുകൊണ്ട് ഭാവി തലമുറകൾക്കായി മറ്റൊരു ആഹ്വാനംകൂടി നൽകുന്നതിൽ ഞാൻ ശങ്കിക്കുന്നില്ല. യുദ്ധകലുഷിതമായ നമ്മുടെ ഈ കാലഘട്ടത്തിൽ, യുദ്ധസാമഗ്രികൾ സംഭരിക്കുന്നതിനു നീക്കിവെക്കുന്ന തുകയിൽനിന്ന് ഒരു നിശ്ചിത ശതമാനം മാറ്റിവെച്ച് ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനും ദരിദ്രരാഷ്ട്രങ്ങളിൽ സുസ്ഥിരമായ വികസനം പ്രോത്സാഹിപ്പിക്കുന്ന തിനും കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കുന്നതിനും ആയി ഒരു ആഗോളനിധി (global Fund) സ്വരൂപിക്കുക (20). യുവജനങ്ങൾ തങ്ങ ളുടെ ഭാവി പ്രത്യാശാജനകം അല്ലെന്നും തങ്ങളുടെ പ്രിയപ്പെട്ടവരുടെ രക്തം ചിന്തിയതിനു പകരംവീട്ടാതിരിക്കാൻപറ്റില്ല എന്നും ചിന്തിക്കുന്ന മനോഭാവത്തെ പൂർണമായും ഒഴിവാക്കാൻ നാം പ്രയത്നി ക്കേണ്ടിയിരിക്കുന്നു. ഭാവി എന്നത് നമുക്ക് നൽകപ്പെടുന്ന ഒരു ദാന മാണ്; അത് നമ്മുടെ ഗതകാല പരാജയങ്ങൾക്ക് ഉപരിപോകാനും സമാധാനത്തിന്റെ പുതിയ പാതകൾ കണ്ടെത്താനുമുള്ള അവസരമാണ്.

## IV. സമാധാനം ലക്ഷ്യം വയ്ക്കുന്നത്

12. ഈ നിർദേശങ്ങൾ ശിരസാവഹിക്കുകയും പ്രത്യാശയുടെ തീർത്ഥാ ടനം നടത്തുകയും ചെയ്യുന്നവർ നിശ്ചയമായും, വളരെയേറെ ആഗ്ര ഹിക്കപ്പെടുന്ന, സമാധാനം പിറക്കുന്നതിന്റെ സൂചനകൾ കാണും. സങ്കീർത്തകൻ ഇപ്രകാരം നമ്മോടു വാഗ്ദാനം ചെയ്യുന്നു: “കൃപയും സത്യവും തമ്മിൽ ആശ്ലേഷിക്കും; നീതിയും സമാധാനവും ചുംബി ക്കും” (സങ്കീ 85:10). എനിക്ക് മറ്റൊരാൾ കടം വീട്ടാൻ ഉണ്ടെന്നുള്ള ആയുധം ഞാൻ ഒഴിവാക്കുമ്പോൾ എന്റെ സഹോദരീസഹോദരന്മാർക്ക് ഞാൻ പ്രത്യാശയുടെ പാത തുറന്നുകൊടുക്കുന്നു; ഞാൻ ദൈവത്തിന്റെ നീതി ഈ ഭൂമിയിൽ സംജാതമാക്കാൻ സഹകരിക്കുകയും ആ വ്യക്തിയോടൊപ്പം സമാധാനം എന്ന ലക്ഷ്യത്തിലേക്ക് കുതിക്കുകയും ചെയ്യുന്നു. വിശുദ്ധ ജോൺ 23-ാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ഉത്കണ്ഠയുടെയും യുദ്ധഭയത്തിന്റെയും “ആയുധങ്ങൾ നീക്കപ്പെട്ട”

ഒരു ഹൃദയത്തിൽനിന്നു മാത്രമേ യഥാർഥ സമാധാനം ജനിക്കാൻ സാധ്യതയുള്ളൂ (21).

13. സമാധാനം പുഷ്ടിപ്പെടുന്ന വർഷം ആകട്ടെ 2025. അത് കേവലം കരാറുകളുടെയും മാനുഷികമായ നീക്കുപോക്കുകളുടെയും വിശദാംശങ്ങളുടെ ഉപായങ്ങൾക്ക് ഉപരിനിൽക്കുന്ന യഥാർഥവും നിലനിൽക്കുന്നതുമായ സമാധാനമാകട്ടെ (22). ആയുധങ്ങൾ ഒഴിവാക്കപ്പെട്ട ഹൃദയങ്ങൾക്ക് ദൈവം നൽകുന്ന യഥാർഥ സമാധാനം അന്വേഷിക്കാൻ ഇടവരട്ടെ. അപ്രകാരമുള്ള ഹൃദയങ്ങൾ ഏന്റേത് എതെന്നും നിന്റേത് ഏതെന്നും കണക്കുകൂട്ടാത്തവയായിരിക്കും; ആ ഹൃദയങ്ങൾ സ്വാർഥതയിൽനിന്നുമാറി അന്യരിലേക്ക് എത്തിനിൽക്കാൻ താത്പര്യപ്പെടുന്നവയായിരിക്കും; ആ ഹൃദയങ്ങൾ തങ്ങൾ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവിൽ അന്യരെ കീഴ്പ്പെടുത്തുന്ന കടങ്ങൾ അവർക്ക് ഇളച്ചുകൊടുക്കുന്നവയും ആയിരിക്കും; ആ ഹൃദയങ്ങൾ ഉത്കണ്ഠയ്ക്കുപകരം ഭാവിയെക്കുറിച്ചുള്ള പ്രത്യാശ പുലർത്തുന്നവയായിരിക്കും; അതായത്, കൂടുതൽ നല്ല ഒരു ലോകം പടുത്തുയർത്തുന്നതിൽ ഓരോ വ്യക്തിക്കും ഒരു സ്രോതസ്സായി നിൽക്കാൻ സാധിക്കുന്നതരം ഹൃദയം.

14. ഹൃദയം നിരായുധീകരിക്കുക എന്നത് എല്ലാവരുടെയും ജോലിയാണ് – വലിയവരുടെയും ചെറിയവരുടെയും, ധനവാന്മാരുടെയും ദരിദ്രരുടെയും. അതിനു ചില വേളകളിൽ നാം നടത്തുന്ന ചെറിയൊരു പ്രവൃത്തിമാത്രം മതിയാകും: “ഒരു പുഞ്ചിരി, മൈത്രീഭാവത്തിന്റെ ഒരു ചെറിയ പ്രകാശനം, ഒരു കരുണാർദ്രകടാക്ഷം, കേൾക്കാനായി കാതു തുറക്കൽ, ഒരു നന്മപ്രവൃത്തി എന്നിവ” (23). ഇത്തരത്തിലുള്ള പ്രവൃത്തികളിലൂടെ സമാധാനം എന്ന ലക്ഷ്യത്തിലേക്ക് നാം പുരോഗമിക്കും. നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പമുള്ള ഈ യാത്രയിൽ നമ്മൾ ആരംഭിച്ചിടത്തുനിന്നു മുന്നോട്ട് പോകുന്ന വഴിയിൽ നമുക്ക് പരിവർത്തനമുണ്ടെന്നു തിരച്ചറിഞ്ഞാൽ എത്രയും പെട്ടെന്ന് നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരും. യഥാർഥത്തിൽ, യുദ്ധങ്ങൾ അവസാനിച്ചതുകൊണ്ട് മാത്രമല്ല, സമാധാനം സംജാതമാകുന്നത്; പുതിയ ലോകത്തിന്റേതായി ഒരു പുലരി പിറക്കുമ്പോഴാണ് അത് സാധ്യമാകുന്നത്. അപ്രകാരമുള്ള ഒരു ലോകത്ത് വ്യത്യസ്തരായ നമുക്ക് നാം വിചാരിച്ചതിലും ഉപരി പരസ്പരം കൂടുതൽ അടുത്തു വരാനും കൂടുതൽ സാഹോദര്യം പുലർത്താനും സാധിക്കുമെന്നു നാം മനസ്സിലാക്കും.

15. "നാഥാ, നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമേ!" രാഷ്ട്ര നേതാക്കൾക്കും ഗവൺമെന്റുകൾക്കും അന്താരാഷ്ട്ര സംഘടനകളുടെ തലവന്മാർക്കും വ്യത്യസ്ത മതനേതാക്കൾക്കും സന്മനസ്സുള്ള ഓരോ വ്യക്തിക്കും എന്റെ ഹൃദയംനിറഞ്ഞ നവവത്സര ആശംസകൾ നേരുമ്പോഴുള്ള എന്റെ പ്രാർഥന ഇതാണ്.

അന്യരുടെ തെറ്റുകൾ ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, നാഥാ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടു ക്ഷമിക്കണമേ.

ക്ഷമയുടെ ഈ ചക്രഗതിയിൽ, നിന്റെ സമാധാനം ഞങ്ങൾക്ക് നൽകണമേ.

ആ സമാധാനം നിനക്കുമാത്രം നൽകാവുന്നതാണല്ലോ;

അത് നൽകപ്പെടുന്നത് ഹൃദയം സ്വയം നിരായുധീകരിക്കുന്നവർക്കാണല്ലോ;

അത് നൽകപ്പെടുന്നത് തങ്ങളുടെ സഹോദരീസഹോദരന്മാരുടെ കടങ്ങൾ പ്രത്യാശാപൂർവം ക്ഷമിക്കുന്നവർക്കാണല്ലോ;

അത് നൽകപ്പെടുന്നത് ഭയരഹിതമായി നിന്നോടു തങ്ങളുടെ കടങ്ങൾ ഏറ്റുപറയുന്നവർക്കാണല്ലോ;

അത് നൽകപ്പെടുന്നത് ദരിദ്രരുടെ രോദനം കേട്ടിട്ട് തങ്ങളുടെ കാതുകൾ അടയ്ക്കാത്തവർക്കാണല്ലോ.

വത്തിക്കാനിൽ നിന്ന് 2024 ഡിസംബർ എട്ടാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

# കച്ചേരിക്കാര്യം

## നാമഹേതുകത്തിരുനാൾ

ജനുവരി 31-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ **ബിഷപ് ബോസ്കോ പുത്തൂർ പിതാവിന്** അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രോട്ടോസിഞ്ചെല്ലൂസ്**

## ചരമവാർഷികം



### മാർ അഗസ്റ്റിൻ കണ്ടത്തിൽ

കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തയുടെ 69-ാം ചരമവാർഷികം ജനുവരി 10-ാം തീയതിയാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# NOTICE

On 22 December 2024, the Apostolic Administrator Mar Bosco Puthur has decided to refer to the Special Tribunal, for penal judicial trail the cases of the following priests of the Major Archeparchy of Ernakulam-Angamaly: (1) Fr. Varghese Manavalan, (2) Fr. Joshy Vezhaparambil, (3) Fr. Thomas Valookaran, and (4) Fr. Stephen (Benny) Palatty. Moreover, till the definitive conclusion of the penal process, they are under various restrictions and prohibitions as per CCEO c. 1473, of which the most important ones are the following:

1. They must move out of their presbyteries where they now continue to reside unlawfully and shall reside in the residences allotted to them.
2. They are permitted to celebrate the Holy Qurbana in the private chapel of their assigned priests' homes to the exclusion of all other places. They are forbidden to celebrate or concelebrate the Holy Eucharist in all other places and forbidden to celebrate sacraments and sacramentals. Any violation of these prohibitions are punishable offenses.
3. The faculty to administer the sacrament of penance given to them are revoked and hence they are unable to hear confessions validly, except in the context of danger of death.
4. They are forbidden from entering the territory of the respective parishes or contacting the parishners where they were serving till 17 December 2024.

Please note that the above-mentioned restrictions and prohibitions are only the summary of what they were imposed upon on 22 December 2024 by the Apostolic Administrator. Hence, all priests, religious and lay faithful must be aware that the above-mentioned priests cannot be invited or permitted to celebrate or concelebrate the Holy Eucharist in churches or chapels and likewise they must be prevented from administering sacraments or sacramentals anywhere in the world in the Catholic churches or sacred places and to any of the Catholic faithful till further orders.

**Fr. Joshy Puthuva**
**Chancellor**

# ജൂബിലി മംഗളങ്ങൾ

## സുവർണ്ണജൂബിലി (1975-76 - 2025-26)




1) ഫാ. മാത്യു ഈരാളി
2) ഫാ. വർഗീസ് മണവാളൻ
3) ഫാ. സെബാസ്റ്റ്യൻ പാലാട്ടി
4) ഫാ. ജോസ് പാറപ്പുറം
5) ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ
6) ഫാ. ഫിലിപ്പ് വാഴപ്പറമ്പിൽ
7) ഫാ. ജോസഫ് കുരീക്കൽ
8) ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ
9) ഫാ. വിൻസെന്റ് പറമ്പത്തറ

## രജതജൂബിലി (2000-2001 - 2025-26)




1) ഫാ. സെബാസ്റ്റ്യൻ നാഴിയംപാറ
2) ഫാ. വർഗീസ് (ബൈജു) കണ്ണമ്പിള്ളി
3) ഫാ. വർഗീസ് (അസിൻ) തൈപറമ്പിൽ
4) ഫാ. മാർട്ടിൻ കല്ലുങ്കൽ
5) ഫാ. റോജൻ നങ്ങേലിമാലിൽ
6) ഫാ. കുര്യൻ കട്ടക്കയം
7) ഫാ. ജോസഫ് പാറേക്കാട്ടിൽ
8) ഫാ. തോമസ് വാളൂക്കാരൻ
9) ഫാ. പോൾ (സ്റ്റെന്നി) കുന്നേക്കാടൻ
10) ഫാ. വർഗീസ് (ബൈജു) പൊന്തേമ്പിള്ളി
11) ഫാ. ടോം മുള്ളൻചിറ
12) ഫാ. ജോസഫ് (ബാബു) കളത്തിൽ
13) ഫാ. ജോൺ വട്ടത്തറ
14) ഫാ. പോൾ മൊറേലി

പൗരോഹിത്യസ്വീകരണത്തിന്റെ **സുവർണ്ണ-രജത ജൂബിലി**
ആഘോഷിക്കുന്ന എല്ലാ വൈദികർക്കും
അതിരൂപതയുടെ മംഗളാശംസകളും പ്രാർത്ഥനയും
സ്നേഹപൂർവ്വം നേരുന്നു!!!

# വാർത്തകളും വിശേഷങ്ങളും

## സഭയുടെ ചരിത്രത്തിൽ ആദ്യമായി തടവറയിൽ ഒരു വിശുദ്ധവാതിൽ ഫ്രാൻസിസ് പാപ്പാ തുറന്നു

സഭയിലെ നൂറ്റാണ്ടുകളായുള്ള ജൂബിലി പാരമ്പര്യ ചരിത്രത്തിൽ ആദ്യമായി കാരാഗൃഹത്തിൽ ഒരു വിശുദ്ധ വാതിൽ തുറക്കപ്പെട്ടു. പ്രഥമ രക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫന്റെ തിരുനാൾ ദിനത്തിൽ, 2024 ഡിസംബർ 26-നാണ് ഫ്രാൻസിസ് പാപ്പാ റോമിലെ റെബീബിയയിലുള്ള തടവറയുടെ പുതിയ വിഭാഗത്തിൽ വിശുദ്ധ വാതിൽ തുറന്നത്. തുടർന്ന് അവിടെ ദിവ്യബലി അർപ്പിച്ചു. മുൻകൂട്ടി തയ്യാറാക്കിയിരുന്ന സുവിശേഷ പ്രഭാഷണത്തിനു പകരം മനോധർമ്മമനുസരിച്ച് ചിന്തകൾ പങ്കുവയ്ക്കുകയായിരുന്നു പാപ്പാ.

വിശുദ്ധവാതിൽ തുറന്നതിന്റെ പൊരുളും അതിന്റെ പ്രതീകാത്മകതയും വിശദീകരിച്ച പാപ്പാ ഹൃദയം തുറക്കുക എന്നാണ് അത് സൂചിപ്പിക്കുന്നതെന്നും അതാണ് സാഹോദര്യം ഉളവാക്കുന്നതെന്നും പറഞ്ഞു. അടഞ്ഞ കഠിന ഹൃദയങ്ങൾ ജീവിതത്തിന് സഹായകമാകില്ലെന്നു പ്രസ്താവിച്ച പാപ്പാ, ഈ ജൂബിലിയുടെ അനുഗ്രഹം പ്രത്യാശയിലേക്കു ഹൃദയം തുറക്കുക എന്നതാണെന്ന് ഉദ്ബോധിപ്പിച്ചു. മോശമായ കാര്യങ്ങളെക്കുറിച്ചു ചിന്തിച്ച്, എല്ലാം കഴിഞ്ഞെന്നു വിചാരിച്ചാൽ ഒന്നും പരിഹരിക്കാനാകില്ലെന്നും എന്നാൽ, പ്രത്യാശ നിരാശപ്പെടുത്തില്ലെന്നും പാപ്പാ കൂട്ടിച്ചേർത്തു. പ്രത്യാശയെ നങ്കൂരത്തോടു ഉപമിച്ചു. നമ്മുടെ പ്രത്യാശ ഭൂമിയിലെ നങ്കൂരം പോലെയാണെന്നും നങ്കൂരത്തിന്റെ കയറിൽ ആയിരിക്കണം നമ്മുടെ കൈപിടിക്കേണ്ടതെന്നും പാപ്പ പറഞ്ഞു. നമ്മുടെ ഹൃദയത്തിന്റെ വാതിൽ എപ്പോഴും മലർക്കെ തുറന്നിടേണ്ടതാണെന്നനുസ്മരിച്ച പാപ്പാ പ്രത്യാശയെ മുറുകെപിടിക്കണമെന്ന് ഓർമ്മിപ്പിച്ചു.

ഡിസംബർ 24-ന് വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വിശുദ്ധ വാതിൽ തുറന്നതോടെയാണ് ജൂബിലിവത്സരത്തിന് തുടക്കമായത്. തുടർന്ന്, റോമിലെ ഇതര പേപ്പൽ ബസിലിക്കകളുടെ വിശുദ്ധ വാതിലുകൾ, വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയുടെ ഡിസംബർ 29-നും വിശുദ്ധ മേരി മേജർ ബസിലിക്കയുടെ 2025 ജനുവരി 1-നും

റോമിനു പുറത്തുള്ള വിശുദ്ധ പൗലോസിന്റെ ബസിലിക്കയുടെ ജനുവരി 5-നും ആയിരിക്കും തുറക്കപ്പെടുക.

### ഗർഭചിദ്രത്തിനെതിരെ മാർപ്പാപ്പയുടെ പുതുവർഷ സന്ദേശം

ഗർഭാവസ്ഥ മുതൽ മരണം വരെ ജീവനെ ആദരിക്കാനും സംരക്ഷിക്കാനും സന്നദ്ധരാകണമെന്ന് ആഹ്വാനം ചെയ്ത ഫ്രാൻസിസ് മാർപാപ്പ, വിശ്വാസികളോട് ഗർഭഛിദ്രം നിരസിക്കാനും ആവശ്യപ്പെട്ടു. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന പുതുവർഷ ശുശ്രൂഷകൾക്ക് മാർപാപ്പ നേതൃത്വം നൽകി. 'ജീവിതം ഏറ്റവും വിലപ്പെട്ട സമ്മാനമാണ്. ഗർഭം മുതൽ സ്വാഭാവിക മരണം വരെയുള്ള മനുഷ്യജീവന്റെ അന്തസ്സിനെ ആദരിക്കുമെന്ന ഉറച്ച പ്രതിജ്ഞ നാമെടുക്കണം. ഇത് പ്രത്യാശയോടെ ഭാവിയിലേക്ക് ഉറ്റുനോക്കി ജീവിതം പരിപോഷിപ്പിക്കുന്നതിന് നമ്മെ സഹായിക്കും' - മാർപാപ്പ പറഞ്ഞു. ഗർഭഛിദ്രത്തിനും ദയാമരണത്തിനുമെതിരായ സഭയുടെ നിലപാടിലൂന്നിയായിരുന്നു മാർപാപ്പയുടെ പുതുവർഷ സന്ദേശം. ബെൽജിയത്തിലെ ഗർഭഛിദ്രഅനുകൂല നിയമത്തെ ഈയിടെ രൂക്ഷമായി വിമർശിച്ച മാർപാപ്പ, പ്രശ്നം പരിഹരിക്കാൻ വാടക കൊലയാളിയെ ഏല്പിക്കും പോലെയാണ് ഗർഭഛിദ്രമെന്നും അഭിപ്രായപ്പെട്ടിരുന്നു.

---



## നിര്യാതയായി



**സി. ഫ്ളവറെറ്റ് CMC**
വിമല ഭവൻ, തൃക്കാക്കര

| | | |
|---|---|---|
| ജനനം | : | 03-03-1951 |
| വ്രതവാഗ്ദാനം | : | 27-12-1975 |
| മരണം | : | 17-12-2024 |



**സി. ഡിവോഷ്യ CMC**
സെന്റ് മേരീസ് കോൺവെന്റ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 23-09-1936 |
| വ്രതവാഗ്ദാനം | : | 15-04-1962 |
| മരണം | : | 06-12-2024 |

# വിശ്വാസപരിശീലനകേന്ദ്രം

I. **സന്മാർഗബോധന പൊതുപരീക്ഷ 2025:** 2025 ജനുവരി 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ Std. V, VII, IX, XI വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ Std. IV, VI, VIII, X, XII വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും നടത്തപ്പെടുന്നതായിരിക്കും. Std. I മുതൽ III വരെയുള്ള ക്ലാസുകളിൽ അതിരൂപതാതലത്തിൽ പൊതുപരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

നമ്മുടെ എല്ലാ സ്കൂളുകളിലും വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്. ഓരോ ക്ലാസിനും നിർദ്ദേശിച്ചിരിക്കുന്ന പാഠപുസ്തകത്തിലെ മുഴുവൻ അദ്ധ്യായങ്ങളും പഠിപ്പിക്കേണ്ടതാണ്. പൊതുപരീക്ഷയിൽ 80%-ന് മുകളിൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകൾ അവരുടെ ലിസ്റ്റ് സഹിതം 2025 ജനുവരി 10-ാം തീയതിക്കുമുൻപ് ഫൊറോനാ സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. പ്രസ്തുത പേപ്പറുകൾ അതിരൂപതാതലത്തിൽ പുനഃപരിശോധന നടത്തി 90%-നുമേൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് അതിരൂപതാതലത്തിൽ A+ ഗ്രേഡ് അവാർഡ് നൽകുന്നതായിരിക്കും. 80%-നുമേൽ മാർക്ക് ലഭിക്കുന്നവർക്ക് A ഗ്രേഡ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. ചോദ്യപേപ്പറുകൾ 2025 ജനുവരി 2-ാം തീയതി ഫൊറോനാ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

IV, VII, X, XII ക്ലാസുകളിലെ കുട്ടികൾക്കായി സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ 2025 ഫെബ്രുവരി 08 ശനിയാഴ്ച്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ കെ.സി.ബി.സി. നടത്തുന്നതാണ്. വാർഷീക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരു വിവരം നിശ്ചിത ഫോമിൽ രേഖപ്പെടുത്തി 2025 ജനുവരി 10-നു മുമ്പ് ഫൊറോന സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്.

സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും. IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ പൊതുചോദ്യങ്ങളായിരിക്കും.

II. **പത്താം ക്ലാസ്സ് & ഡിപ്ലോമ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ:**

**2025 ജനുവരി 26 ഞായർ: സമയം – 2.00 p.m - 4.00 p.m.**

III. **പ്രതിഭാസംഗമം – 2024:** കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികൾക്കുവേണ്ടി നവംബർ 30-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ കലൂർ റിന്യുവൽ സെന്ററിൽ നടത്തി. 16 ഫൊറോനകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 32 കുട്ടികളാണ് ഇതിൽ പങ്കെടുത്തത്. അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് പ്രതിഭകളാണ് സീറോമലബാർ സഭ ഡിസംബർ 29, 30, 31 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തിയ പ്രതിഭാസംഗമത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയെ പ്രതിനിധീകരിച്ചത്.

1. Diyon Shaji Kallarakkal - St. Antony's Church, Elavoor
2. Eline Joby Puthenkulathil - Mary Immaculate Church, Chethikod
3. Jaidin Meje Kunnel - Holy Family Church, Keechery
4. Sandra Jobi Konukkudy - Holy Cross Church, Manjapra

IV. **Action Song Competition Result:** 'പ്രാർത്ഥനയിൽ വളരാം' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ Catechism Department നടത്തിയ Action Song Competition- ന് സമ്മാനാർഹരായവർ:

1. St. Mary's Forane Church, Koratty
2. St. Antony's Church, Mattoor
3. St. Sebastian's Church, Asokapuram

മത്സരത്തിൽ പങ്കെടുത്ത ഇടവകകൾക്ക് നന്ദിയും സമ്മാനാർഹരായവർക്ക് അഭിനന്ദങ്ങളും അറിയിക്കുന്നു.

V. **സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം:** അതത് ക്ലാസ്സ് ടീച്ചേഴ്സ് ഓരോ പ്രോഗ്രാമിന്റെയും റിപ്പോർട്ടും ഓരോ ഇടവകയും ചിലവിടുന്ന തുകയുടെ കണക്കും ജനുവരി 14-ാം തീയതിക്കുള്ളിൽ വികാരിയച്ചന്റെ ഒപ്പോടുകൂടി ഫൊറോന

സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ നൽകുമല്ലോ. സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമിന്റെയും മാർക്കുകൾ ജനുവരി 12-ാം തീയതിയ്ക്കുള്ളിൽ കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

VI. **വിശ്വാസപ്രഖ്യാപനദിനം:** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം 2025 ഫെബ്രുവരി 02-ാം തീയതിയാണ് (വചനദീപം, പേജ് 56 ഉം 110 ഉം നോക്കുക.)

VII. **Intensive Bible Course Lesson Prepartion Competition**:
Intensive Bible Course-ന് **'പ്രാർത്ഥനയിൽ വളരാം'** എന്ന വിഷയത്തെ ആസ്പദമാക്കി വിശ്വാസപരിശീലകർ ഏത് വിഭാഗത്തിലാണോ (LP, UP, HS) പഠിപ്പിക്കുന്നത് ആ വിഭാഗത്തിനു വേണ്ടി ഒരു പാഠമോ, ആ ദിവസങ്ങളിലേക്ക് മുഴുവനുമായി ഒരു ബുക്ക് ലെറ്റോ തയ്യാറാക്കുക. ബൈബിളധിഷ്ഠിതവും സഭാത്മകവുമായ Subject Matter, Activities, Discussion Points, Bible Games, Action Songs (സ്വന്തം രചനയോ Or റെക്കോർഡ് ചെയ്ത പഴയ ഗാനങ്ങളോ), etc., എന്നിവ ഉൾപ്പെടുത്തിയായിരിക്കണം രചന നിർവ്വഹിക്കേണ്ടത്. ഒറ്റയ്ക്കോ, ഗ്രൂപ്പായോ, വിശ്വാസപരിശീലന യൂണിറ്റ് ഒരുമിച്ചോ ഇത് ചെയ്യാവുന്നതാണ്. മലയാള ഭാഷയിലാണ് തയ്യാറാക്കേണ്ടത്. മലയാള ഭാഷ ബുദ്ധിമുട്ടുള്ളവർ ഇംഗ്ലീഷിൽ തയ്യാറാക്കിയാലും പരിഗണിക്കുന്നതാണ്. ഓരോ വിഭാഗത്തിലും തെരഞ്ഞെടുക്കപ്പെടുന്നവയ്ക്ക് ആകർഷകമായ ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങളും, മറ്റു പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്. രചനകൾ 2025 ജനുവരി 15-ന് മുമ്പായി കാറ്റക്കിസം കേന്ദ്ര ഓഫീസിൽ എത്തിക്കുകയോ, പോസ്റ്റ് ചെയ്യുകയോ, catechismernakulam@gmail.com എന്ന ഇ-മെയിലിലേക്ക് editable file ആയി അയക്കുകയോ ചെയ്യുക (ഇതിനു പുറമേ കുട്ടികളുടെ Group Activity-ക്ക് പറ്റുന്ന സ്കിറ്റുകളും ബൈബിളധിഷ്ഠിത കലാരൂപങ്ങളും സ്വാഗതം ചെയ്യുന്നു).

VIII. **Mission Quest 2024:** സീറോ-മലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി സഭയുടെ പ്രേഷിതദൗത്യത്തെ ആഴത്തിൽ മനസ്സിലാക്കാൻ 2024 ഡിസംബർ 14-ാം തീയതി വൈകിട്ട് 6.00 മണിക്ക് നടത്തിയ ഓൺലൈൻ ക്വിസ് പ്രോഗ്രാമിൽ അതിരൂപതാതലത്തിൽ വിജയികളായവർ:

**Students**

1. Jays Joseph Pallipparambil, St. Mary's Forane Church, Muttom
2. Angel Rose Shinoj Muttamthottukudi, Holy Angels Church, Muppathadam
3. Noel Joy Chittinappilly, St. Mary's Forane Church, Koratty

**ADULTS**

1. Roshen Roy Madapurackal, St. Antony's Church, Kizhakkambalam
2. Sophy Joseph Areeckal, St. Antony's Church, Edakkunnu
3. Sneha Joseph Pallipparambil, St. Mary's Forane Church, Muttom

സമ്മാനാർഹരായവർക്ക് അഭിനന്ദങ്ങൾ അറിയിക്കുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

---

# AICO

## (Archdiocesan Institutions' Central Office)

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| നവം. 26 | 1. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി, പൊങ്ങം<br>2. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| ഡിസം. 03 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ഡിസം. 04 | നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി, പൊങ്ങം |
| ഡിസം. 11 | 1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ഡിസം. 20 | 1. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി, പൊങ്ങം<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ഡിസം. 23 | സേക്രഡ് ഹാർട്ട് മൈനർ സെമിനാരി, തൃക്കാക്കര |

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രോട്ടോസിഞ്ചെല്ലൂസ്**

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

### 2025 ജനുവരി – ഫെബ്രുവരി

**വിവാഹഒരുക്ക ധ്യാനം (MPR)**

ജനുവരി 06-08 (കലൂർ)
ജനുവരി 14-16 (കാലടി)
ജനുവരി 20-22 (കലൂർ)
ജനുവരി 28-30 (കാലടി)
ഫെബ്രുവരി 03-05 (കലൂർ)
ഫെബ്രുവരി 11-13 (കാലടി)
ഫെബ്രുവരി 18-20 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ജനുവരി 03-05 (20 ദമ്പതികൾക്കു മാത്രം)

**ദമ്പതി ധ്യാനം** (Contact: 8078334522)

ജനുവരി 09-11 (20 ദമ്പതികൾക്കു മാത്രം)

**വിധവാ ധ്യാനം**

ജനുവരി 17-19

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ബയോഗ്യാസ് സബ്സിഡി നൽകാനുള്ള അംഗീകാരം

സഹൃദയയുടെ പരിസ്ഥിതി പരിപാലനവിഭാഗമായ സഹൃദയ ടെക്കിന് ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സബ്സിഡി നൽകുന്നതിനുള്ള കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ചു. നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് വഴിയാണ് സഹൃദയ ടെക്ക് ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി നൽകുന്നത്. കേരളത്തിൽ ഇത്തരത്തിൽ അംഗീകാരം ലഭിക്കുന്ന ഏക സ്ഥാപനമാണ് സഹൃദയ. (വിശദവിവരങ്ങൾക്ക് ഫോൺ:8943710720 )

## സോളാർ യൂണിറ്റുകൾ സബ്സിഡിയോടെ

ഗാർഹിക സോളാർ യൂണിറ്റുകൾ കേന്ദ്ര സർക്കാർ സബ്സിഡി കിഴിച്ചുള്ള തുകയ്ക്ക് സ്ഥാപിച്ച് നൽകുന്നതിനുള്ള സ്കീം സഹൃദയ ആരംഭിച്ചു. 2000 രൂപ നിരക്കിൽ വൈദ്യുതി ബിൽ വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കായി 2 കി. വാട്ട് ശേഷിയുള്ള സോളാർ യുണിറ്റ് സബ്സിഡി ലഭ്യമാക്കി കേവലം 75000 രൂപ ചെലവിൽ സ്ഥാപിച്ചു നല്കുന്നതാണ്. സോളാർ യൂണിറ്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ സൗകര്യവും ഏർപ്പെടുത്തിക്കൊടുക്കുന്നു. (വിശദവിവരങ്ങൾക്ക് ഫോൺ: 9074060071, 8943710720 )

## സഹൃദയ ഭിന്നശേഷിദിനാചരണം സംഘടിപ്പിച്ചു

സഹൃദയ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അന്തർദേശീയ ഭിന്നശേഷിദിനാചരണത്തോടനുബന്ധിച്ച് കളമശേരി സെന്റ് ജോസഫ് ഇടവകയുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ സംഗമവും എബിലിറ്റി ഫെസ്റ്റും സംഘടിപ്പിച്ചു. സഹൃദയ സ്പർശൻ ഫെഡറേഷൻ അംഗങ്ങളായ മുന്നൂറിലേറെ ഭിന്നശേഷിക്കാർ പങ്കെടുത്തു.

**സഹൃദയ എബിലിറ്റി അവാർഡ് കൂനമ്മാവ് ഫാത്തിമാ സ്കൂളിന്**

സഹൃദയ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന മികച്ച സ്പെഷ്യൽ സ്കുളുകൾക്കായി ഏർപ്പെടുത്തിയ സഹൃദയ എബിലിറ്റി അവാർഡ് കൂനമ്മാവ് സെന്റ് ജോസഫ്സ് ഫാത്തിമ വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ നേടി. മാനന്തവാടി എമ്മാവൂസ് വില്ല റെസിഡൻഷ്യൽ സ്കൂൾ ഫോർ മെന്റലി ചലഞ്ച്ഡ് പ്രത്യേക പരാമർശത്തിനും അർഹരായി. മികച്ച സംരംഭകത്വ പ്രവർത്തനം നടത്തുന്ന ഭിന്നശേഷിക്കാരിക്കുള്ള അവാർഡ് റിക്സി റാഫേൽ, ശാന്ത വർഗീസ്, ജസി ഉറുമീസ് എന്നിവർക്കും ലഭിച്ചു. എബിലിറ്റി ഫെസ്റ്റിൽ അവാർഡുകൾ സമ്മാനിച്ചു.

**അഡ്വാൻസ്ഡ് സ്കിൽ ട്രെയിനിങ് ഇൻ ഫുഡ് ക്രാഫ്റ്റ്**

സഹൃദയ ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി അഞ്ചു ദിവസം നീണ്ടു നിന്ന അഡ്വാൻസ്ഡ് സ്കിൽ ട്രെയിനിങ് പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു. 26 പരിശീലനാർത്ഥികളാണ് ക്ലാസ്സിൽ പങ്കെടുത്തത്. 5 ദിവസം നീണ്ടുനിന്ന പരിശീലനത്തിൽ 20 ൽ പരം വിഭവങ്ങളുടെ നിർമാണം പരിശീലിപ്പിച്ചു.

**സുസ്മിതം പദ്ധതി ബോധവൽക്കരണ ക്ലാസ്സ്**

സഹൃദയ കെയർ ആൻഡ് സേഫ് പ്രോജക്ടുമായി സഹകരിച്ച് നടപ്പാക്കുന്ന സുസ്മിതം ക്യാൻസർ പ്രതിരോധ പരിസ്ഥിതി പരിപാലന പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് പാലാരിവട്ടം, തുതിയൂർ, മുട്ടം, എഴുപുന്ന, വിമലഗിരി, പൊതിയക്കര, കാലടി, കുറുമശ്ശേരി, കോക്കുന്ന്, അയ്യമ്പുഴ, ചേർത്തല മേഖല ഓഫീസ്, സാൻജോപുരം, ചുള്ളി, ആനപ്പാറ, ഉളവൈപ്പ്, മൂരിങ്ങൂർ, ചെറുകടപ്പുറം, പുതുവാശ്ശേരി, ഇല്ലിത്തോട്, കുറ്റിപ്പാറ, അട്ടാറ, തോട്ടുവ, തിരുനല്ലൂർ, കണ്ടനാട്, വടുതല, അമ്പുനാട്, ചൂണ്ടി, പെരിയാർമുഖം, കോനൂർ, വൈക്കം നടേൽ, മൂഴിക്കുളം, പഴങ്ങനാട്, കോടനാട്, ശാന്തിപുരം, കരിപ്പാശേരി, ഇരുമ്പനം, നീലേശ്വരം, കറുകുറ്റി ആശ്രമം, മൂക്കന്നൂർ,

എഴുപുന്ന, കൈപ്പട്ടൂർ, ജോസ് പുരം, തെങ്ങോട്, അയ്യമ്പുഴ, മുരിങ്ങൂർ, പള്ളിപ്പുറം, കാർഡിനൽ നഗർ, എന്നിവിടങ്ങളിൽ നടത്തി.

**ഫുഡ് ക്രാഫ്റ്റ് ട്രെയിനിങ് & തയ്യൽ പരിശീലനം**

സഹൃദയ ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി ആറു ദിവസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് ട്രയിനിംഗ് ഇൻ ടെയിലറിംഗ്, അഡ്വാൻസ്ഡ് ഫുഡ് പ്രോസസിംഗ് എന്നിവ ചേർത്തല മേഖല ഓഫീസിൽ സംഘടിപ്പിച്ചു. 55 പരിശീലനാർത്ഥികളാണ് ക്ലാസ്സിൽ പങ്കെടുത്തത്. പരിശീലനം വിജയകരമായി പൂർത്തിയാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരിൽ പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അർഹത നേടുന്നവർക്ക് പ്രത്യേക സാമ്പത്തിക സഹായവും നൽകുന്നു.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. സൗത്ത് വാഴക്കുളം, കൊങ്ങോർപ്പിള്ളി,ഏലൂർ, തോട്ടുവ, ഇടപ്പള്ളി, അമ്പലമേട്, തുണ്ടത്തുംകടവ്, അമലാപുരം, നടുവട്ടം, കാർഡിനൽ നഗർ, ആന്റോപുരം, പള്ളിപ്പുറം, ചൂണ്ടി, തൃപ്പൂണിത്തുറ, കുഴുപ്പിള്ളി, പുതുവാശേരി, കണ്ടനാട്, പാലാരിവട്ടം, കോടനാട്, പൂണിത്തുറ, മൂന്നാംപറമ്പ്, അകപ്പറമ്പ്, കോടുശ്ശേരി, യോർദ്ദനാപുരം, നായരമ്പലം, വെസ്റ്റ് ചേരാനല്ലൂർ, തുറവൂർ, കെടാമംഗലം, ആരക്കുന്നം, വിമലഗിരി, ചേന്ദമംഗലം, മാമ്പ്ര കാഞ്ഞൂർ, ആയത്തുപടി, നോർത്ത് ചമ്പന്നൂർ, കോക്കുന്ന്, അമ്പലമേട്, പൊതിയക്കര, വാഴക്കാല, വിജോപുരം , അയ്യമ്പുഴ, വല്ലം , രാജഗിരി, താബോർ, ആമ്പല്ലൂർ, കൊല്ലക്കോട്, കോളങ്ങായി, കാർഡിനൽ നഗർ, കോതാട്, കോടുശ്ശേരി, കാഞ്ഞൂർ, മങ്കുഴി, ഞാറക്കൽ, കാരുകുളം, തുരുത്തിപ്പുറം, സെഹിയോൻ പുരം, ഇല്ലിത്തോട്, യൂണിവേഴ്സിറ്റി, എടനാട്, കുറുമശ്ശേരി, കിഴക്കമ്പലം, കാക്കനാട്, ഉദയംപേരൂർ, വാതക്കാട്, കുറുമശ്ശേരി, കുറ്റിപ്പുഴ, കുഴുപ്പിള്ളി, അട്ടാറ, ചമ്പന്നൂർ, മംഗലശ്ശേരി എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

## ക്രെഡിറ്റ് ക്യാമ്പുകൾ

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ തുതിയൂർ, കാർഡിനൽ നഗർ, പാലാരിവട്ടം, പറവൂർ കോട്ടക്കാവ്, തിരുനല്ലൂർ, തെങ്ങോട് എന്നി ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ് നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി പാലാരിവട്ടം, കാർഡിനൽ നഗർ, തുതിയൂർ എന്നീ വില്ലേജുകളിലെ സഹായസംഘങ്ങളിലെ 38 അംഗങ്ങൾക്കായി 19,80,000/രൂപ വായ്പ അനുവദിച്ചു.

തെങ്ങോട് വില്ലേജിലെ അനശ്വര,ഐശ്വര്യ എന്നീ സ്വയം സഹായ സംഘങ്ങളിലെ 8 അംഗങ്ങൾക്കായി 5,95,000/ രൂപ വായ്പ അനുവദിച്ചു. തിരുനല്ലൂർ വില്ലേജിലെ സ്വയം സഹായ സംഘത്തിലെ 5 അംഗങ്ങൾക്കായി 3,30000/ രൂപ വായ്പ അനുവദിച്ചു. പറവൂർ കോട്ടക്കാവ് വില്ലേജിലെ പവിഴം പുരുഷ സ്വയം സഹായ സംഘത്തിലെ 5 അംഗങ്ങൾക്കായി 1,50000 /രൂപ വായ്പ്പാ അനുവദിച്ചു.
ഈസ്റ്റ് ചേരാനെല്ലൂർ വില്ലേജിലെ സ്വയം സഹായ സംഘത്തിലെ 6 അംഗങ്ങൾക്ക് 3,30,000/ രൂപ വായ്പ അനുവദിച്ചു.

## സഹൃദയ ആനിമേറ്റേഴ്സ് മീറ്റിങ്ങ്

സഹൃദയ സംഘം ആനിമേറ്റർമാരുടെ മേഖലാതല യോഗം എറണാകുളം, അങ്കമാലി, പറവൂർ, ചേർത്തല, കാലടി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## ബ്യൂട്ടി അസിസ്റ്റന്റ് പരിശീലന പരീക്ഷ നടത്തി

കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാൻ എറണാകുളത്തിന്റെ സഹകരണത്തോടെ സഹൃദയ ക്യാമ്പസിൽ വച്ച് ബ്യൂട്ടി അസിസ്റ്റന്റിന്റെ 80 പ്രവർത്തി ദിവസം നീണ്ടു നിന്ന പരിശീലനത്തിന്റെ ഭാഗമായിട്ടുള്ള പരീക്ഷ നടത്തി. 20 വിദ്യാർത്ഥികൾ ആണ് പരീക്ഷയിൽ പങ്കെടുത്തു..

**ഹരിതകർമ്മ സേന പരിശീലനം**

ഇടുക്കി ജില്ലയിലെ ചക്കുപള്ളം, കരുണാപുരം ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമസേനാംഗങ്ങൾക്കുള്ള ത്രിദിന പരിശീലനം നടത്തി.

**രുചി പൊലിമ ഫാസ്റ്റ്ഫുഡ് ഉദ്യമി പരിശീലനം**

സഹൃദയ, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രമായ , RSETI-എറണാകുളത്തിന്റെയും വുമൺ വെൽഫെയർ സർവീസസിന്റെയും സഹകരണത്തോടെ സൗജന്യമായി വിവിധ സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിന്റെ ഭാഗമായി അങ്കമാലി ബസിലിക്ക പാരീഷ് ഹാളിൽ പത്ത് ദിവസം നീണ്ടുനിന്ന ഫാസ്റ്റ് ഫുഡ് പരിശീലന പരിപാടി സംഘടിപ്പിച്ചു. 45 പേർ പരിശീലനത്തിൽ പങ്കെടുത്തു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 23 സംഘങ്ങളിലെ 127 അംഗങ്ങൾക്ക് സ്വയം തൊഴിൽ വിപുലീകരണത്തിനായി 2024 ഡിസംബർ മാസത്തിൽ 74,40,000/ രൂപ വായ്പയായി വിതരണം ചെയ്തു.

**സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷിക ആഘോഷം**

വടുതല, മൂഴിക്കുളം, പഴങ്ങനാട്, ശാന്തിഗിരി, കരിപ്പാശേരി, ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

**സീനിയർ സിറ്റിസൺ യോഗം**

വൈറ്റില, പൊന്നുരുന്നി മേഖലയിലെ മുതിർന്ന പൗരന്മാരുടെ ക്രിസ്തുമസ് സൗഹൃദ സമ്മേളനം പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- An excellent opportunity for students to pursue their studies in Ireland. Applications for the 2025 intake are now open.
- Pursue world class education with zero tuition fees at renowned public universities in Germany. Apply now for the September 2025 intake.
- Scholarships are now available in France for International students, with programs offered in English.
- Kick start your nursing career in Germany with Ausbildung program, starting in march 2025!
- IELTS offline & online classes (New batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ്‌ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു. ഓഫ്‌ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2025 ജനുവരി മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ചുകൾ (A1, A2) ജനുവരി 2-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ച് (A1, A2 & B1) ജനുവരി 6-ന് ആരംഭിക്കുന്നു
3. ജർമൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ച് (B2) ജനുവരി 13-ന് ആരംഭിക്കുന്നു.

4. ഫ്രഞ്ച് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A2) ജനുവരി 6-ന് ആരംഭിക്കുന്നു.
5. സ്പാനിഷ് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A2) ജനുവരി 27-ന് ആരംഭിക്കുന്നു
6. സിവിൽസർവീസ്റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024-2025).
7. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2025 January Programs**

1. UGC NET /JRF PAPER I& PAPER II -Offline (Batch for 2025 JUNE exam)
2. BANK (IBPS, PO, CLERK, SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) -offline (new admission all Mondays)
4. CUET (Common University Entrance Test) Online & Offline regular batch
5. RAILWAY RECRUITMENT BOARD
   - Graduate level (new admission all Mondays)
   - Undergraduate level (new admission all Mondays)
6. C MAT, K-MAT Offline (Admission for next Exams)
7. PSC Secretariat Assistant (Admission started)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)
10. COMMUNICATIVE ENGLISH Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തിവരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch-ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

– For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

**ഡിസംബർ 2024**

04-05 തീയതികളിൽ പാലാരിവട്ടം പി.ഒ.സി.-യിൽ നടന്ന KCBC -യിൽ പങ്കെടുത്തു.

7 എടക്കുന്ന് സി.എസ്.എൻ. കോൺവെന്റിൽ സിസ്റ്റർ ട്രീസ CSN -ന്റെ മൃതദേഹം പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി. എറണാകുളം സെന്റ് മേരീസ് കോൺവെന്റിൽ സി. ഡിവോഷ്യ CMC -യുടെ മൃതദേഹം പൊതുദർശനത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി.

8 രാവിലെ കളമശ്ശേരി യൂണിവേഴ്സിറ്റി സെന്റർ സെന്റ് ജോൺ പള്ളിയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി. ലെവൂക്കാ മഠം സന്ദർശിച്ചു.

9 രാവിലെ പുത്തൻകുരിശിൽ ശ്രേഷ്ഠ മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവയുടെ നാല്പതാം ഓർമ്മദിനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ പങ്കെടുത്തു.

10 മംഗലപ്പുഴ സെമിനാരിയിൽ ക്ലർക്കായി സേവനമനുഷ്ഠിച്ച മാടശ്ശേരി തോമസ് -ന്റെ മൃതദേഹം മൂക്കന്നൂരിലുള്ള സ്വഭവനത്തിൽ പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

11 രാവിലെ അരമനയിൽ, 2024 ഡിസംബർ 27-ന് വൈദികപട്ടം സ്വീകരിക്കുന്ന അതിരൂപതാ ഡീക്കന്മാരുമായി കൂടിക്കാഴ്ച നടത്തി.

12 തോപ്പിൽ SCJM മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

13 മാണിക്കമംഗലത്ത് ബഹുമാനപ്പെട്ട റോക്കി കൊല്ലംകൂടി അച്ചന്റെ വന്ദ്യപിതാവിന്റെ മൃതദേഹം ഭവനത്തിൽ പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

15 തിരുവാങ്കുളം സെന്റ് ജോർജ് പള്ളിയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

16 രാവിലെ ആലുവ നിർമല പ്രൊവിൻഷ്യൽ ഹൗസിൽ സി. സിന്ധ്യ MSJ -യുടെ മൃതദേഹം പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

17 രാവിലെ തൃക്കാക്കര നവജ്യോതി സി.എം.സി. കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

18 വൈകുന്നേരം തുതിയൂരിലെ മദർ തെരേസാ ഹോസ്റ്റലിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

21 നീർപ്പാറ എ.എസ്.എം.ഐ. കോൺവെന്റിലെ നവീകരിച്ച ചാപ്പൽ വെഞ്ചിരിച്ചു.

22 മരുത്തോർവട്ടം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

23 എറണാകുളം അരമനയിലെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

വൈകിട്ട് കൂരിയാ അംഗങ്ങളോടൊപ്പം വരാപ്പുഴ ആർച്ചുബിഷപ്പ്സ് ഹൗസ് സന്ദർശിച്ച് ക്രിസ്മസ് ആശംസകൾ നേർന്നു.

24 കാക്കനാട് സെന്റ് ഫ്രാൻസിസ് അസ്സീസി പള്ളിയിൽ ക്രിസ്മസ് ദിനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു

26 കറുകുറ്റി സി.എം.ഐ. മൊണാസ്ട്രി പള്ളിയിൽ ബഹുമാനപ്പെട്ട ഡാനിയേൽ നാല്പാട്ട് സി.എം.ഐ. -യുടെ മൃതദേഹം പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

27 തൃക്കാക്കര നൈപുണ്യ പബ്ലിക് സ്കൂളിൽ നടന്ന കർമ്മത്തിൽ അതിരൂപതയുടെ 16 ശെമ്മാശന്മാർക്ക് വൈദികപട്ടം നൽകി.

29 രാവിലെ വിലങ്ങ് പ്രോവിഡൻസ് ഹോം സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

* * * * *

# എറണാകുളം - അങ്കമാലി അതിരൂപതയുടെ നവവൈദികർക്ക് ആശംസകൾ (2024 – 25)



**Fr. James**
**Ambalathil**



**Fr. Joseph Rojin**
**Chavalekkad**



Fr. Joseph (Berlin)
**Injacka Palatty**



**Fr. Sany (Aljo)**
**Kalappurackal**



Fr. Antony (Solomon)
**Karedan**



Fr. Josepaul (Albin)
**Karikunnel**



**Fr. Joseph**
**Mechery**



Fr. Devassykutty (Sherin)
**Madavana**



**Fr. Antony (Nikhil)**
**Malamel**



**Fr. Antony (Delvin)**
**Moolan**



Fr. Varghese (Vinu)
**Mulavarickal**



**Fr. Yohanan**
**Parecattil**



Fr. Raphael (Rince)
**Puthussery**



Fr. Thomas (Tom Leo)
**Thadikkaren**



Fr. Joseph (Stephin)
**Valliyara**



**Fr. Joseph**
**Vembilly**

RNI No. 3421/57
Date of Publication: 01-01-2025

Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org